# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3039**

13-03-2018 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖ നിർമ്മാണപ്രവൃത്തി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധന സാമഗ്രികൾ ലഭിക്കുന്നില്ലെന്ന പരാതി ഉണ്ടോ ; | (എ) യും (ബി) യും പാറ ലഭിക്കുന്നതിനുള്ള പ്രയാസം നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. മൂവായിരത്തി ഒരുനൂറ് മീറ്റർ നീളമുള്ള പുലിമുട്ടിൽ ഇതുവരെ ഏകദേശം 600 മീറ്റർ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ പാറയ്ക്ക് ക്ഷാമം നേരിടുന്നതിനാൽ കൊല്ലം ജില്ലയിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ പാറ ഖനനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ആവശ്യമെങ്കിൽ വിഴിഞ്ഞം പ്രോജക്ടിന് ആവശ്യമായ പാറ അദാനി കമ്പനിയുടെ മേൽനോട്ടത്തിൽത്തന്നെ ഖനനം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. തമിഴ് നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിനും അദാനി കമ്പനി ശ്രമം നടത്തുന്നുണ്ട്. |
| (ബി) ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | |
| (സി) തുറമുഖ നിർമ്മാണ പ്രവർത്തനം നിലച്ചുപോയാൽ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിക്കുമെന്ന ആശങ്ക ബന്ധപ്പെട്ട അധികാരികൾ അറിയിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (സി) തുറമുഖ നിർമ്മാണ പ്രവർത്തനം നിലച്ചുപോകും എന്നൊരവസ്ഥ നിലനിൽക്കുന്നില്ല. |

Brijo

**സെക്ഷൻ ഓഫീസർ**